# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5119 24/10/2011-ൽ മറുപടിയ്ക്ക്

## സാന്ത്വന പരിചരണ പദ്ധതി

ചോദ്യം മറുപടി

ശ്രീമതി. പി. അയിഷാ പോറ്റി: ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാന്ത്വന പരിചരണ പദ്ധതി ഏതെല്ലാം വിഭാഗങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പിലാക്കി വരുന്നത്. | (എ) | ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് കുടുംബശ്രീ എന്നിവയുടെയും പൊതുജനത്തിൻെറയും കൂട്ടായ പങ്കാളിത്തത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കി വരുന്നത്. സർക്കാരേതര സംഘടനയായ കെയർ പ്ലസുമായി സഹകരിച്ചാണ് തിരുവനന്തപുരം ആർ. സി. സി. യിൽ സാന്ത്വന പരിചരണ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | ഹോമിയോപ്പതി, ആയുർവേദ വിഭാഗങ്ങളെ സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങളെ സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ബി) | പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിൽ സാന്ത്വന പരിചരണത്തിനായുള്ള പെയിൻ ആൻറ് പാലിയേറ്റീവ് കെയർ സെൻററുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു, ആയുർവേദ വിഭാഗത്തിൽ സാന്ത്വന പരിചരണ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ